

THURSDAY 08/01/2026 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. G.Pramodkumar

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 07/01/2026

1. കേരളത്തിലെ എല്ലാ കർഷകരും സ്വന്തം കൃഷിയിടത്തിൽ സൂക്ഷ്മജലസേചനം/മൈക്രോ ഇറിഗേഷൻ സംവിധാനം സ്ഥാപിക്കുന്നതിന് ലഭിക്കുന്ന സാമ്പത്തിക സഹായത്തിന് (സബ്സിഡി) ഇനി വീട്ടിലിരുന്നോ അക്ഷയ സെൻററുകളിൽ നിന്നോ ഓൺലൈനിൽ അപേക്ഷിക്കാം. കേന്ദ്ര സംസ്ഥാന സർക്കാറുകൾ 60:40 അനുപാതത്തിൽ ധനസഹായം നല്കുന്ന ഈ പദ്ധതിക്ക് കീഴിൽ സൂക്ഷ്മജലസേചന സംവിധാനം സ്ഥാപിക്കുന്നതിന് ചെറുകിട-നാമമാത്ര കർഷകർക്ക് ചെലവിന്റെ 55 ശതമാനവും മറ്റുള്ളവർക്ക് 45 ശതമാനവും സർക്കാർ സബ്സിഡി നൽകുന്നു. Forest Reserve Act (FRA) പട്ടയമുള്ള കർഷകർക്ക് 90 % വരെ ആണ് ആനുകൂല്യങ്ങൾ ലഭ്യമാകുന്നത്. രജിസ്ട്രേഷനായി https://pdmc.da.gov.in/KeralaMIS] എന്ന വിലാസത്തിൽ സന്ദർശിച്ച് രജിസ്റ്റർ ചെയ്യുക. ഈ വർഷം നിശ്ചിത അപേക്ഷാഫോറത്തിൽ ഓഫ്-ലൈൻ ആയും അപേക്ഷിക്കാം. ആധാർ, ഭൂവുടമസ്ഥത തെളിയിക്കുന്ന രേഖ (പട്ടയം/റസീറ്റ്), ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, ഭൂപരിധി സംബന്ധിച്ച സത്യപ്രമാണം എന്നി രേഖകൾ

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അപ്‌ലോഡ് ചെയ്യുക. കേരളത്തിൽ പരമ്പരാഗത ജലസേചന രീതികൾക്ക് പകരം കൃത്യവും സമർത്ഥവുമായ ജലഉപയോഗം നൽകുന്ന സൂക്ഷ്മജലസേചന സാങ്കേതികവിദ്യയിലേക്ക് കർഷകരെ ആകർഷിക്കുകയാണ് പി.ഡി.എം.സി. പദ്ധതിയുടെ ലക്ഷ്യം. ഡ്രിപ്പ്, സ്പ്രിങ്ക്ലർ തുടങ്ങിയ സംവിധാനങ്ങൾ വഴി 40–50% വെള്ളം ലാഭിക്കുകയും വിളവ് വർധിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ, വെള്ളത്തോടൊപ്പം വളം ചേർക്കാനും (ഫെർട്ടിഗേഷൻ) മൊബൈൽ ഫോൺ വഴി ദൂരെ നിന്ന് നിയന്ത്രിക്കാനും ഈ സംവിധാനങ്ങൾ സഹായിക്കുന്നു. വിവരങ്ങൾക്ക് 1800–425–2512 എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

2. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വിൽപ്പനക്കുള്ള ബി. വി. 380 കോഴികുഞ്ഞുങ്ങൾക്ക് 175/- രൂപ നിരക്കിൽ ബുക്കിങ്ങ് ആരംഭിച്ചു. 9400483754 എന്ന ഫോൺ നമ്പറിൽ ഓഫീസ് സമയങ്ങളിൽ ബുക്ക് ചെയേണ്ടതാണ്.

3. കർഷകർക്ക് കുറഞ്ഞ ചെലവിൽ കാർഷികയന്ത്രങ്ങൾ സ്വന്തമാക്കാൻ സഹായിക്കുന്ന സബ് മിഷൻ ഓൺ അഗ്രിക്കൾച്ചറൽ

മെക്കനൈസേഷൻ (SMAM) എന്ന പദ്ധതിയെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. 'സ്മാം' പദ്ധതി സംബന്ധിച്ച കർഷകരുടെ സംശയങ്ങൾക്ക് സംസ്ഥാന കാർഷികവികസന കർഷകക്ഷേമ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ വിനിയ വി.എസ്. 2026 ജനുവരി 08 വ്യാഴാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ മറുപടി പറയും. കോൾസെന്റർ നമ്പർ – 0481 2576622.

## പരിശീലന പരിപാടി

4. കേരള കാർഷിക സർവകലാശാല വെള്ളായണി കാർഷിക കോളേജ് സെന്റർ ഫോർ അഗ്രികൾച്ചറൽ ഇന്നവേഷൻ ആൻഡ് ടെക്നോളജി ട്രാൻസ്ഫർ CAITT Vellayani യുടെ ആഭിമുഖ്യത്തിൽ **പഴങ്ങൾ, പച്ചക്കറികൾ, അലങ്കാര സസ്യങ്ങളിലെ സസ്യപ്രജനന സാങ്കേതിക വിദ്യകൾ** എന്ന വിഷയത്തിൽ ജനുവരി മാസം 16, 17 തീയതികളിൽ പരിശീലനം നടത്തുന്നു. പരിശീലന ഫീസ് 3000/- രൂപ. കൂടുതൽ വിവരങ്ങൾക്ക് ഫോൺനമ്പർ 8891540778, ഇമെയിൽ caittvellayani@kau.in

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. തലയോലപ്പറമ്പ് മൃഗസംരക്ഷണം പരിശീലന കേന്ദ്രത്തിൽ വച്ച് കർഷകർക്കായി 2026 ജനുവരി മാസം 9ന് അടുക്കള മുറ്റത്തെ കോഴിവളർത്തൽ എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ള കർഷകർ 04829-234323 എന്ന ഫോൺ നമ്പറിൽ ഓഫീസ് സമയങ്ങളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ് .

6. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറെ ആഭിമുഖ്യത്തിൽ **"മുയൽ വളർത്തൽ"** എന്ന വിഷയത്തിൽ 09/01/2026 ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491- 2815454 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ പകർപ്പ് പരിശീലനത്തിനെത്തുമ്പോൾ കൊണ്ടുവരേണ്ടതുമാണ്.

## കാർഷിക നിർദേശം

7. ചീരകൃഷിയ്ക്ക് അനുയോജ്യമായ സമയമാണിപ്പോൾ. ചീര വിത്തുകൾ പാകുന്നതിനു മുൻപായി സ്യൂഡോമോണാസ് അല്ലെങ്കിൽ

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ട്രൈക്കോഡെർമ്മ ഉപയോഗിച്ച് വിത്ത് പരിചരിച്ച ശേഷം വിത്തുകൾ പാകുക. ട്രൈക്കോഡെർമ്മ സമ്പുഷ്ടീകരിച്ച ചാണകപ്പൊടി – മണ്ണിൽ ചേർത്ത ശേഷം നടുന്നത് രോഗങ്ങളെ പ്രതിരോധിക്കാൻ ഒരു പരിധി വരെ സഹായിക്കും. വിത്തുകൾ പാകുമ്പോൾ ചുവപ്പും പച്ചയും ഇനങ്ങൾ ഇടകലർത്തി നടുന്നത് വഴി രോഗങ്ങളെ ചെറുക്കുന്നതിനും സഹായിക്കും. രോഗം പകരാതിരിക്കാൻ മുൻകരുതലായി ചീരയ്ക്ക് നന നൽകുമ്പോൾ നേരിട്ട് ഇലകളിൽ തളിക്കാതെ ചുവട്ടിലായി നൽകാൻ ശ്രദ്ധിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം